ലക്കം 13

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## പരീശനും ചുങ്കക്കാരനും

(ലൂക്കൊസ്. 18: 9–14 വരെയുള്ള യേശു പരാമർശിച്ചിട്ടുള്ള ഒരു ഉപമയാണ് താഴെക്കൊടുത്തിരിക്കുന്നത്)

**പശ്ചാത്തലം :**

യഹൂദ മതവിഭാഗത്തിലെ ഏറ്റവും വലിയതും സമ്പന്നന്മാരുൾപ്പെടുന്നതുമായ ഒരു പ്രബല വിഭാഗമായിരുന്നു പരീശന്മാർ. മോശെയുടെ ന്യായപ്രമാണവും അലിഖിത പാരമ്പര്യങ്ങളും അതേപടി അനുസരിക്കുന്നവരാണ് തങ്ങളെന്നവർ അഭിമാനം കൊണ്ടു. വേർപെട്ടവൻ എന്നർത്ഥമാണ് പരീശന്മാർ എന്ന വാക്കിനുള്ളത്. യഹൂദമതത്തിലെ പൊതുവായ ആരാധനയിൽ നിന്നും മറ്റും വേർപെട്ട് വിശുദ്ധർ എന്ന നിലപാട് കാത്തു സൂക്ഷിക്കുന്നവരാണവർ. തങ്ങളുടെ സ്ഥാപനത്തിന്റെ നിയമാവലി കൃത്യമായി പാലിക്കുന്നവരും സ്വജനത്തിന്റെ ന്യായപ്രമാണത്തോടു നീതി പുലർത്തുന്നവരുമാണ്. എന്നാൽ മറ്റുള്ളവരുട ശ്രദ്ധ പിടിച്ചുപറ്റുവാനും ബഹുമാനം ആഗ്രഹിക്കുന്നവരുമായിരുന്നു അവർ. ദൈവീകം നഷ്ടപ്പെട്ട് ഉന്നതഭാവമുള്ളവരും സ്വയനീതിയുള്ളവരുമായി അവർ മാറിപ്പോയി.

ചുങ്കം പിരിക്കുക എന്നതായിരുന്നു ചുങ്കക്കാരുടെ പ്രധാനജോലി. യഹൂദന്മാരെ ഭരിക്കുന്ന റോമൻ ഗവൺമെന്റിനുവേണ്ടി പണിയെടുക്കുന്നവരാണവർ. അനുവദനീയമായ അളവിലായിരുന്നില്ല അവർ ജനങ്ങളിൽ നിന്നും പിരിച്ചെടുത്തിരുന്നത്. അമിതമായ സാമ്പത്തിക ബാധ്യത ജനങ്ങളിൽ അടിച്ചേല്പിക്കുന്നതിന്റെ പിന്നിൽ ചുങ്കക്കാരനായതിനാൽ പൊതുവെ ജനങ്ങൾ അവരെ വെറുത്തു.




**ഉപമ**

ആലയത്തിൽ പരീശൻ വളരെ പ്രാഗത്ഭ്യത്തോടെ നിന്നു. നീണ്ടുനിവർന്നു കിടക്കുന്ന നീലയങ്കിയാണ് പരീശന്മാർ സാധാരണയായി ധരിച്ചിരുന്നത്. ചുങ്കക്കാരൻ അവിടേക്ക് കയറിച്ചെന്നപ്പോൾ പരീശൻ അല്പം നീരസത്തോടെ അവനെ ഒന്ന് നോക്കിയശേഷം അല്പം മുമ്പോട്ടു നീങ്ങിനിന്നു.

പാപിയെന്നു മുദ്രകുത്തപ്പെട്ട ആ ചുങ്കക്കാരന്റെ സാന്നിദ്ധ്യം പോലും പരീശനെ അല്പം അസ്വസ്ഥപ്പെടുത്തി. എങ്കിലും താൻ കരങ്ങൾ ഉയർത്തി ആലയം മുഴങ്ങുമാറ് ഉച്ചത്തിൽ പ്രാർത്ഥിക്കാനാരംഭിച്ചു.

ദൈവമേ, ഞാൻ മറ്റുള്ള അഴിമതിക്കാരെപ്പോലെയോ, അവിശ്വസ്തനോ, അശുദ്ധനോ, വ്യഭിചാരിയോ അല്ലാത്തതിനാൽ ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഈ ചുങ്കക്കാരനെപ്പോലെ ഞാൻ അല്ലാത്തതിനാൽ അങ്ങയെ വാഴ്ത്തുന്നു. ഞാൻ

പത്രാധിപലേഖനം — പേജ് 3
ബൈബിൾ പഠനം: സ്വയ നീതീകരണം — പേജ് 4
ബൈബിൾ പഠന ഉപപാഠം: സ്വയ നീതീകരണം — പേജ് 5, 6
ചോദ്യവും ഉത്തരവും. — പേജ് 7
നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് — പേജ് 8

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

ആഴ്ചയിൽ രണ്ടുതവണ ഉപവസിക്കുന്നു. കിട്ടുന്നതിനെല്ലാം ദശാംശം കൊടുക്കുന്നു.

പരീശന്റെ പ്രാർത്ഥന അങ്ങനെ നീണ്ടുപോയി. പ്രാർത്ഥനയിലുടനീളം തന്റെ സവിശേഷഗുണങ്ങളെ എടുത്തുപറഞ്ഞുകൊണ്ടും മറ്റുള്ളവരിൽ നിന്നും താൻ വ്യത്യസ്തൻ എന്ന് വരുത്തി തീർക്കുകയായിരുന്നു. അല്പം അകലെ ഒരു മൂലയിൽ ചുങ്കക്കാരൻ അധോമുഖനായി നിന്നുകൊണ്ട് ദുഃഖത്തോടെ പാപഭാരത്തോടെ കരഞ്ഞു പ്രാർത്ഥിക്കുകയായിരുന്നു. ദുഃഖം കടിച്ചമർത്തുമ്പോൾ സാധാരണയായി അവർ മാറത്തടിക്കുക പതിവാണ്. അങ്ങനെ അവൻ ദൈവസന്നിധിയിൽ ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. “ദൈവമേ, പാപിയായ എന്നോട് കരുണ തോന്നേണമേ”.

**പാഠം**

ഈ ഉപമയിലൂടെ യേശു വ്യക്തമാക്കിയ ആത്മീയ പാഠം എന്തെന്നാൽ പ്രാർത്ഥനയിലും തന്നെത്തന്നെ ഉയർത്തിയ സ്വയനീതീകരണം നടത്തിയ പരീശനല്ല പ്രത്യുത തന്നെത്തന്നെ താഴ്ത്തികൊണ്ട് പ്രാർത്ഥിച്ച ആ ചുങ്കക്കാരനാണ് നീതീകരിക്കപ്പെട്ടത്. “തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തപ്പെടുന്നവൻ എല്ലാം ഉയർത്തപ്പെടും”.

പരീശന് ഒരു മതമുണ്ടായിരുന്നു. അതോടൊപ്പം ചില ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ടായിരുന്നു എങ്കിലും അവന്റെ ഹൃദയം നിഗളത്താലും സ്വയനീതീകരണത്താലും നിറഞ്ഞുനിന്നിരുന്നു. മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനാണെന്ന ചിന്ത അവനെ ഭരിച്ചു. തന്റെ നന്മപ്രവൃത്തികളോ ആചാരമോ അവനെ രക്ഷിച്ചില്ല. എന്നാൽ ചുങ്കക്കാരനോ, താഴ്മയോടെ ദൈവത്തിന്റെ ദയയ്ക്കായി യാചിച്ചു. ആ ദിവസത്തിൽ തന്നെ അവൻ പാപക്ഷമ പ്രാപിച്ചു.

രക്ഷ ദൈവത്തിന്റെ ദാനമാണ് ആവശ്യബോധത്തോടെ ദൈവസന്നിധിയിൽ താഴ്മയോടെ യാചിക്കുന്നവർക്കാണ് അത് പ്രാപിപ്പാൻ കഴിയുക. ധാർമ്മികതയോ, മതാനുഷ്ഠാനങ്ങളോ നന്മപ്രവൃത്തികളോ കൊണ്ട് മനുഷ്യഹൃദയത്തെ വ്യത്യാസപ്പെടുത്താനാവില്ല. പാപത്തിൽ നിന്നും വേർപ്പെട്ടിരിപ്പാനാണ് സഭയെ ദൈവം വിളിച്ചു വേർതിരിച്ചിട്ടുള്ളത്. വേർപെട്ടിരിക്കുമ്പോൾ തന്നെ നാം സ്വയനീതീകരണവും അഹങ്കാരവും വെടിഞ്ഞ് താഴ്മയോടെ പരീശമനോഭാവമില്ലാത്തവരായി സ്വയന്യായീകരണത്തിന്റെ ആത്മാവിൽ നിന്നും വിടുതൽ പ്രാപിച്ചവരായിത്തീരണം. എല്ലാവിധ യഥാർത്ഥ നീതീകരണം നമ്മുടെ സ്വയത്താലുളവാകുന്നതല്ല പ്രത്യുത ദൈവത്തിൽ നിന്നുമുള്ളതത്രെ.

MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www.thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്



# പത്രാധിപലേഖനം

*"മനുഷ്യാ നല്ലതെന്തെന്ന് ഞാൻ നിനക്ക് കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതല്പരനുമായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു നിന്റെ ദൈവമായ യഹോവ നിന്നോട് ചോദിക്കുന്നത്?"*- (മീഖ. 6:8)

ഒരിക്കലും കൊടുത്തു തീർക്കുവാൻ കഴിയാത്തവിധം നാമെല്ലാവരും നമ്മുടെ രക്ഷകനോടു കടപെട്ടിട്ടുള്ളവരാണ്. യാതൊരുവിധ യോഗ്യതയോ അർഹതയോ നമുക്കില്ലാതിരുന്നിട്ടും ദൈവം നമ്മോടു ക്ഷമിച്ചു. ധാരാളം ആത്മീയ സത്യങ്ങളാൽ നിറയപ്പെട്ടതാണ് നമ്മുടെ വേദപുസ്തകം. എന്നാൽ താഴ്മയാണ് അവയിൽ ഏറ്റവും വലിയ സത്യങ്ങളിൽ ഒന്ന്. ഓരോ ദൈവ പൈതലും ദൈവസ്നേഹത്തിലും താഴ്മയിലും ജീവിക്കണമെന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ ദുഃഖമെന്നു പറയട്ടെ ഇന്ന് ആത്മീയർ എന്നഭിമാനിക്കുന്നവരുടെ കൂട്ടത്തിൽ പോലും ആത്മീയ നിഗളവും സ്വയാശ്രയവും കണ്ടുവരുന്നു. പ്രസ്തുത പ്രവണത യഥാർത്ഥ ദൈവീക വിടുതലിനും അനുഗ്രഹത്തിനും തടസ്സമായി നിലകൊള്ളുന്നു.

ഒരുകൂട്ടം ആത്മീയർ അവരുടെ ജീവിത വിശുദ്ധി ഉയർത്തിപ്പിടിച്ചു ജീവിതം ആരംഭിച്ചത് ഞാൻ എന്റെ ചെറുപ്പകാലത്ത് ഓർക്കുന്നു. പല വിഷയങ്ങളിൽ അവർക്ക് ശരിയായ കാഴ്ചപ്പാടുണ്ടായിരുന്നു. എങ്കിലും അവർ കോപാകുലരും വിമർശനാത്മാവിനധീനരുമായിരുന്നു. സ്വയ ന്യായീകരണത്തിലും ഉന്നത ഭാവത്തിലും വീണവർ പിതാവാം ദൈവത്തിൽ നിന്നുമകന്നുപോയി. പ്രസ്തുത സത്യത്തെ നാം അവഗണിച്ചുപോയാൽ നാം പൂർണ്ണമായും അധഃപതിച്ചവരായി പോകുമെന്ന് എന്റെ പിതാവ് എന്നോടുപറഞ്ഞ വാക്കുകളെ ഞാനോർക്കുന്നു. ദൈവസ്നേഹത്തിലും താഴ്മയിലും നടക്കുന്നത് വളരെ പ്രാധാന്യമുള്ളതാണെന്ന് ഞാൻ കരുതുന്നു. സ്വന്തം പ്രയത്നം കൊണ്ട് നമുക്ക് ഒരിക്കലും ദൈവപ്രീതി നേടാനാവില്ല.

വിശുദ്ധജീവിതം നയിക്കുവാൻ ഞാൻ എപ്പോഴും ദൈവത്തിന്റെ കൃപയിലും ദയയിലുമാണ് ആശ്രയിക്കാറുള്ളത്. സൽപ്രവൃത്തിയും സത്ഫലങ്ങളും കാഴ്ചവയ്ക്കുവാനാണ് നമ്മുടെ എല്ലാവരുടെയും ആഗ്രഹം. നമ്മുടെ രക്ഷയുടെ സവിശേഷതയേക്കാൾ നമ്മിലെ ക്രിസ്തുവിന്റെ സാന്നിധ്യമാണ് ഇത് വെളിപ്പെടുത്തുന്നത്.

നമ്മുടെ സംസാരം, പ്രസംഗം, ജീവിതം, എല്ലാം ക്രിസ്തുവിനെ ഉയർത്തുന്നതാകട്ടെ. ആത്മീയ നിഗളവും, ഉന്നത മനോഭാവവും നമ്മെ കൂടുതൽ ദൈവീക സ്വഭാവത്തിൽ നിന്ന് അകറ്റും എന്നറിക. പ്രസ്തുത ചിന്താഗതി നമ്മെ കൂടുതൽ മർക്കട മുഷ്ടിക്കാരായും ലോകത്തോടും താതാത്മ്യം പ്രാപിക്കുന്നവരും ആക്കിത്തീർക്കും.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ, ദൈവം നമ്മെ അനുഗ്രഹിച്ച് ഉയർത്തുമാറാകട്ടെ. സ്വന്തഭുജബലം കൊണ്ട് നമുക്ക് ഒന്നും നേടാനാവില്ല. എന്നാൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നമുക്ക് ഈ ലോകക്കാർക്ക് ചൂണ്ടിക്കാണിക്കാം. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുക്രിസ്തുവിനെ നോക്കിക്കൊണ്ട് നമുക്ക് മുൻപിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം.

എന്ന്,

കർത്തൃശുശ്രൂഷയിൽ

**മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠന സഹായി

## വിഷയം: സ്വയ നീതീകരണം

**വായനഭാഗം :** കൃപയാലല്ലോ, നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രെ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.- എഫെസ്യർ 2: 8-9

**രത്നചുരുക്കം:** സ്വയ നീതീകരണം സുവിശേഷത്തിന്റെ അന്തസത്തയ്ക്ക് ഘടകവിരുദ്ധവും ആത്മീയ മരണത്തിനു കാരണവും ആകുന്നു. രക്ഷ ദൈവത്തിന്റെ ദാനമാണ്, സ്വയപ്രയത്നത്താൽ നേടാനാവില്ല. എല്ലാ മാനവും മഹത്വവും പിതാവായ ദൈവത്തിനുള്ളത്. അതൊരിക്കലും മാനുഷീകമായ ഒരു സ്ഥാപനത്തിനോ സ്വയത്തിനോ പാടില്ല.

### I സ്വയ നീതീകരണത്തിലുള്ള വ്യക്തികളുടെ സവിശേഷതകൾ

a ലൂക്കൊസ് 19:29. മനുഷ്യരുടെ മുൻപാകെ തങ്ങളെത്തന്നെ നീതീകരിക്കുന്നു

b മത്തായി. 23:27, 28 ബാഹ്യമായി നീതിയും എന്നാൽ ആന്തരീകമായി ആകൃത്യവും.

c മത്തായി: 6: 1, 2. മനുഷ്യരുടെ മുമ്പാകെയുള്ള പ്രീതി

d റോമർ. 10: 1-3. തങ്ങൾക്ക് തന്നെ നീതിമാനായി ഉറപ്പിക്കുന്നു.

e മത്തായി. 7:3-5 മറ്റുള്ളവരുടെ കുറ്റങ്ങളെ വേഗത്തിൽ കണ്ടുപിടിക്കുന്നു.

f ലൂക്കൊസ് 7: 39 മറ്റുള്ളവരെ വിധിക്കുന്നു.

g യെശയ്യ. 65:5, ലൂക്കൊസ് 18:9 തങ്ങളെത്തന്നെ ഉയർത്തുകയും മറ്റുള്ളവരെ അവഗണിക്കുകയും

h സദൃശ്യ. 20:6 സ്വന്തഗുണങ്ങളെ മാത്രം പ്രാധാന്യം കൊടുത്തു സംസാരിക്കുന്നു.

i സദൃശ്യ. 30:12 സ്വന്തകണ്ണിൽ ശുദ്ധരായി തോന്നുന്നു.

### II സ്വയ നീതീകരണം

a ലൂക്കൊസ് 11: 42-44. ബാഹ്യമായത്

b യെശയ്യ. 64: 6 അശുദ്ധമായത്

c യെശയ്യ. 57: 12 പ്രയോജമില്ലാത്തത്

d ലൂക്കോസ് 16: 15 ദൈവമുമ്പാകെ വെറുപ്പായത്

e വെളിപ്പാട്. 3: 16-17 അന്ധത

f മത്തായി 5:20 സ്വർഗ്ഗത്തിൽ നിന്നും നമ്മെ പുറംതള്ളുന്നത്.

### III യഥാർത്ഥ നീതിയും, നീതീകരണവും

a എഫെസ്യർ 2:8, 9 നമ്മുടെ പ്രവർത്തിയാലല്ല പിന്നെയോ കൃപയാലത്രെ.

b ഗലാത്യർ. 2:16 -ന്യായപ്രമാണത്താലല്ല, പിന്നെയോ വിശ്വാസത്താലത്രെ.

c തീത്തൊസ്. 3:5 - പ്രവർത്തിയാലല്ല, പിന്നെയോ കരുണയാലത്രെ.

### IV മഹത്വത്തിന്റെ ഉദ്ദേശം

a യെശയ്യ 42:8 ദൈവം തന്റെ മഹത്വം ആർക്കും വിട്ടുകൊടുക്കയില്ല.

b ദാനിയേൽ. 4: 28-31. നെബുക്കദ്നേസറിന്റെ ഉദാഹരണം

c 2 കൊരി. 10:17, 18. കർത്താവിന് മഹത്വം

d മത്തായി 5:16 പിതാവിനെ മഹത്വപ്പെടുത്തുക.

### ഉപസംഹാരം

മനുഷ്യന്റെ വഴിയൊക്കെയും അവന് ചൊവ്വായിതോന്നുന്നു; യഹോവയോ ഹൃദയങ്ങളെ തൂക്കിനോക്കുന്നു. നീതിയും ന്യായവും പ്രവൃത്തിക്കുന്നതു യഹോവയ്ക്ക് ഹനനയാഗത്തെക്കാൾ ഇഷ്ടം. ഗർവ്വമുള്ള കണ്ണും അഹങ്കാരഹൃദയവും ദുഷ്ടന്മാരുടെ ദീപവും പാപം തന്നെ. -സദൃശ്യ. 21: 2-4



## ഈ കാര്യങ്ങളെ നിങ്ങൾ ചെയ്യുകയും..

(മത്തായി 23:23, 24; ലൂക്കൊസ് 11:42)

പല അവസരങ്ങളിലും യേശു പരീശന്മാരുമായി സംവാദിച്ചുപോന്നു. യേശു യഹൂദ ന്യായപ്രമാണത്തിന്റെ പ്രാധാന്യതയെ കുറച്ചു കാണുകയോ അങ്ങനെ പഠിപ്പിക്കുകയോ ചെയ്തിരുന്നില്ല. പ്രത്യുത, ന്യായപ്രമാണത്തിലുള്ള ഗൗരവമേറിയ വിഷയങ്ങളായ ന്യായവിധി, കരുണ, വിശ്വാസം, ദൈവസ്നേഹം തുടങ്ങിയ കാര്യങ്ങളെ അവഗണിക്കുകയും പ്രാധാന്യം കുറച്ചുകാണുകയും ചെയ്യുന്ന രീതിയെ ആണ് യേശു ചൂണ്ടിക്കാണിച്ചത്.

"ഈ കാര്യങ്ങളെ നിങ്ങൾ ചെയ്യുകയും മറ്റു വിഷയങ്ങളെ അവഗണിക്കാതിരിക്കയും വേണം."

ഇന്നത്തെ സ്വയനീതീകരണക്കാരെപ്പോലെ പരീശന്മാർ ചില വിഷയങ്ങളിൽ അമിത പ്രാധാന്യം കാട്ടി കൃത്യമായി പാലിക്കുകയും മറ്റുള്ള വിഷയങ്ങളെ അവഗണിച്ചുകൊണ്ട് ജഡീകന്മാരായി മറ്റുള്ളവരെ സ്നേഹിക്കാത്തവരുമായിത്തീർന്നു.

ചിലർ മരുന്നുപയോഗിക്കുന്ന വിഷയത്തിൽ സ്വയന്യായീകരണം കാട്ടുന്നുവെങ്കിൽ മറ്റുചിലർ തങ്ങളുടെ ആധുനീക വസ്ത്രധാരണ വിഷയത്തിലാകാം. ചിലർ കൊടുക്കുന്ന വിഷയത്തിലാണെങ്കിൽ മറ്റുചിലർ മറ്റുള്ളവരോട് ക്രിസ്തുവിൻ സ്നേഹം കാണിക്കാതെ, താഴ്മയുള്ളവരാകാതെ പോകുന്നു.

ബാഹ്യമായ ഇത്തരം വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തുകയും അനുസരണം കാത്തുസൂക്ഷിച്ചുകൊണ്ട് ഗൗരവമേറിയ മറ്റുള്ള വിഷയങ്ങളെ അവഗണിക്കാതെ ചെയ്യുന്നവരുമായിരിപ്പീൻ.

# സ്വയ നീതീകരണം

## ബൈബിൾ പഠന ഉപപാഠം

**രക്ഷ ദൈവത്തിന്റെ ദാനം ആകുന്നു.**

പാപങ്ങളെക്കുറിച്ച് അനുതപിച്ച് ദൈവമുമ്പാകെ തങ്ങളെത്തന്നെ താഴ്ത്തുന്നവർക്ക് ദൈവം നൽകുന്ന തന്റെ ദിവ്യമായ അനുകമ്പയുടെ അനുഭവമാണ് രക്ഷ. ഒരുവന്റെ ശക്തിയാലോ, ധീരതയാലോ കഴിവിനാലോ നേടിയെടുക്കാൻ കഴിയാത്ത രക്ഷ, പക്ഷേ ദൈവത്തിന്റെ അത്ഭുതകരമായ ഒരു പ്രവൃത്തിയാണ്. " ആരും പ്രശംസിക്കാതിരിക്കുവാൻ പ്രവൃത്തികളും കാരണമല്ല." (എഫേസ്യർ 2 : 9) എന്ന മുന്നറിയിപ്പ് ദൈവവചനം നൽകുന്നു. ഒരുവന്റെ ഗുണത്തിലും, അഭിപ്രായത്തിലും , പ്രവൃത്തിയിലും താൻ മാത്രം ശരിയെന്നും മറ്റുള്ളവരെല്ലാം തെറ്റും ആണ് എന്ന് ധരിക്കുന്നതാണ് സ്വയനീതീകരണം. സ്വയനീതീകരണത്തിന്റെ പാപം ചെയ്യുന്ന ധാരാളം ആളുകൾ ഉണ്ട്. ദൈവത്തിന്റെ മുമ്പാകെ തന്റെ നന്മയും പ്രവൃത്തികളും നീതീകരിക്കാൻ ശ്രമിക്കുകയും വിശ്വാസമുണ്ടെന്ന് ഭാവിക്കുകയും ചെയ്യുന്ന ദൈവപൈതലിനേയാണ് സ്വയനീതിക്കാരൻ എന്നു പറയുന്നത്. യേശുവിന്റെ ഈ ലോകശുശ്രൂഷയിൽ ധാരാളം തവണ ആത്മീയ അഹന്ത നിറഞ്ഞവരെയും, സ്വയനീതിക്കാരേയും അഭിമുഖീകരിച്ച് സംസാരിച്ചിട്ടുണ്ട്. " പരീശന്മാരുടേയും സദൂക്യരുടേയും പുളിച്ചമാവ് സൂക്ഷിച്ചുകൊള്ളുവിൻ" എന്ന് യേശുപറഞ്ഞു. ആ പുളിപ്പ് കപടഭക്തിയും, സ്വയനീതീകരണവും, ഒരുവന്റെ കഴിവിലും സ്ഥാനത്തിലുമുള്ള മിഥ്യാധാരണയുമാണ്.

**ക്രിസ്തുവിലും പരിശുദ്ധാത്മാവിലും കൂടിമാത്രമാണ് വിശുദ്ധിസാദ്ധ്യമാകുന്നത്.**

എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് നഷ്ടമായതിനാൽ ഒരു രക്ഷകനെ ആവശ്യമായിരിക്കുന്നു. ക്രിസ്തുവിൽകൂടി മാത്രമേ മനുഷ്യന് വിശുദ്ധജീവിതം സാധ്യമാകൂ. അതിനാൽ ആത്മപ്രശംസയ്ക്ക് യാതൊരു സ്ഥാനവുമില്ലാതെ എല്ലാമഹത്വവും പുകഴ്ചയും പിതാവിന് ഉള്ളതാകുന്നു. " ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു" എന്ന് അപ്പോസ്തലനായ പൗലോസ് പറഞ്ഞു. (ഗലാത്യർ 2 : 20) ദൈവമുമ്പാകെ സ്വീകാര്യതയോടെ ജീവിക്കുവാൻ വേണ്ട കൃപയും കഴിവും ലഭിക്കുന്നതും ക്രിസ്തുവിന്റെ പ്രവൃത്തിയാലും പരിശുദ്ധാത്മാവിന്റെ സഹവാസത്താലും മാത്രമാണ്. മനുഷ്യന്റെ ദുർബലമായ കഴിവുകളിലല്ല ദൈവത്തിന്റെ ശക്തിയിലായിരിക്കണം ശ്രദ്ധയും ആശ്രയവും.

**സ്വയം നീതീകരിക്കുന്ന ആത്മാവിന്റെ ലക്ഷണങ്ങൾ.**

സ്വയനീതീകരണത്തിന്റെ സ്വഭാവം തിരിച്ചറിയാൻ അടയാളങ്ങൾ തിരുവചനത്തിലുണ്ട്. ദൈവത്തിന്റെ വിശുദ്ധൻ ഈ പാപം അപ്രതീക്ഷിതമായി കണ്ടാൽ അതിനെ തിരിച്ചറിയുവാൻ ജാഗ്രതയുള്ളവരായിരിക്കണം. ബൈബിൾ പഠിക്കുന്നതിൽ നിന്ന് ജീവിതം പുറകോട്ടു പോകുമ്പോൾ തന്നെത്താൻ നീതീകരിക്കുവാൻ ഇച്ഛിക്കുന്നതാണ് സ്വയ നീതീകരണം. (ലൂക്കോസ് 10 : 29 ) പരീശന്മാരുടെ മാതൃകപോലെ നീതിമാന്മാർ എന്നു കാണിക്കുവാൻ അവർ സാധാരണ ബാഹ്യമായി ചില കൽപ്പനകൾ അനുഷ്ഠിക്കുന്നതിൽ കാർക്കശ്യം കാണിക്കുന്നു. അവർ പുറമെ അഴകുള്ളവരായി ശോഭിക്കുന്നു എങ്കിലും, അകമെയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരാകുന്നു എന്ന് യേശു പറഞ്ഞു. ( മത്തായി 23 : 27– 28) മനുഷ്യരുടെ മുൻപിൽ




വിളങ്ങേണ്ടതിനും ആത്മീകതയുടെ സ്വരൂപമാകുവാനും അവർ ഇഷ്ടപ്പെടുന്നു. (മത്തായി 6 : 1– 2)

**സ്വന്തനീതി സ്ഥാപിക്കുന്നവർ**

" അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിക്കുവാൻ അന്വേഷിച്ചുകൊണ്ട് ദൈവത്തിന്റെ നീതിയ്ക്ക് കീഴ്പെട്ടില്ല." എന്ന് പൗലോസ് പറഞ്ഞിരിക്കുന്നു. ( റോമർ 10 : 3 ). സ്വയനീതീകരണക്കാർ അവരുടെ അഭിപ്രായങ്ങൾക്കും വഴികൾക്കും ലളിതമായ ദൈവവചനത്തേക്കാൾ മുൻഗണന നൽകുന്നു. അവർ സ്വന്തഗുണങ്ങളെ ഘോഷിക്കുകയും (സദൃശ്യവാക്യങ്ങൾ 20 : 6 ) തങ്ങൾക്കുതന്നെ നിർമ്മലരായി തോന്നുന്നവരും (സദൃശ്യവാക്യങ്ങൾ 30 : 12) ആകുന്നു. എപ്പോഴും അവരുടെ ആത്മാക്കൾ അശുദ്ധിയും അഹങ്കാരവും നിറഞ്ഞതാണ്. അവർ മറ്റുള്ളവരെക്കാൾ ശുദ്ധർ എന്ന് നടിക്കുന്നെങ്കിലും ( യെശയ്യാവ് 65 : 5 ) പ്രവർത്തികൾ ദൈവത്തിന് സ്വീകാര്യമല്ല.

സ്വയനീതിക്കാർ വിധികൽപ്പിക്കുവാൻ ഉത്സാഹികളും മറ്റുള്ളവരെ അപമാനിക്കുന്നതിൽ തിടുക്കമുള്ളവരുമാണ്. ( ലൂക്കോസ് 6: 41). എന്നാൽ സ്വന്ത കണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നതെന്ത്? ( മത്തായി 7 : 3)




**മനുഷ്യന്റെ നീതി പുറമേയുള്ളവയാണ്.**

ദൈവീകനീതി ഒരുവനെ താഴ്മയുടേയും സ്നേഹത്തിന്റേയും ആത്മാവിൽ ബാഹ്യമായ വിശുദ്ധിയിലേക്ക് നയിക്കുന്നു. മാനുഷികനീതി പുറമേയുള്ളതും ( ലൂക്കോസ് 11 : 42 -44 ) കറപുരണ്ട തുണിപോലെയും ആകുന്നു. (യെശയ്യാവ് 64 : 6) മനുഷ്യന് യഥാർത്ഥമായി തന്റേതായ നീതിയാലും, ദൈവത്തിന്റെ ശക്തിയില്ലാതെയും തന്റെ ഹൃദയത്തിന്റെ ഗതിമാറ്റുവാൻ കഴിയുകയില്ല. മനുഷ്യൻ സ്വ നീതിക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തികളൊന്നും പ്രയോജനമാകുകയില്ല. (യെശയ്യാവ് 57 : 12). നല്ല പ്രവൃത്തികൾ ഗുണകരമാണെങ്കിലും, ഉള്ളിൽ ദൈവം തന്നെ പ്രേരണനൽകിയിട്ട് ചെയ്യുന്നതല്ലെങ്കിൽ ശാശ്വതമായ ഒരു മൂല്യം അവയ്ക്ക് ഉണ്ടാകുകയില്ല.

**സ്വയനീതിക്കാർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല.**

സ്വയനീതികരണത്തിന് അന്ധതപിടിച്ച ഫലവും, തെറ്റായ ആത്മീയ സുരക്ഷിതത്വവും ജനത്തിന് എല്ലായിപ്പോഴും നൽകുകയും ചെയ്യുന്നതാണ്. " ഞാൻ സമ്പന്നൻ ആയിരിക്കുന്നു: എനിക്ക് ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ട് നീ നിർഭാഗ്യവാനും അരിഷ്ടനും ദരിദ്രനും, കുരുടനും, നഗ്നനും, എന്ന് അറിയാതിരിക്കുകയാൽ." (വെളി 3 : 17) ലാവോദിക്യയിലെ സഭ വിചാരിച്ചത് അവർ തികഞ്ഞവരും ആത്മീകമായി സമ്പന്നരും ആകുന്നു എന്നായിരുന്നു. പക്ഷേ ദൈവത്തോടുള്ള തീഷ്ണമായ സ്നേഹമില്ലാതെ , അവരുടെ സ്വയനീതികരണത്താൽ ദരിദ്രരും, അന്ധരും, നഗ്നരുമായി തീർന്നിരുന്നു. ദൈവത്തിലുള്ള അവരുടെ ആശ്രയം നഷ്ടപ്പെട്ടതിനാൽ ആചാരപരമായ സത്പ്രവർത്തികളിൽ ആശ്രയിക്കുന്നു. സ്വയം നീതീകരിക്കുന്നത് പാപവും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് തടസ്സവുമാകുന്നു. "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല " എന്ന് യേശു പറഞ്ഞു. (മത്തായി 5 : 20)

**ദൈവഭക്തിയുടെ ഒരു മാതൃക**

പരീശന്മാർക്ക് ദൈവഭക്തിയുടെ ഒരു മാതൃക ഉണ്ടായിരുന്നു. അവർ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ദശാംശം കൊടുക്കുകയും മറ്റും ചെയ്തുവെങ്കിലും പാപത്തിൽ നിന്ന് വീണ്ടെടുക്കുവാൻ കഴിയുന്ന ദൈവത്തിന്റെ കൃപയെക്കാൾ ഉപരിയായി സ്വന്തം മേന്മകളെ അവർ വിശ്വസിച്ചു. " യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല. ......... ന്യായപ്രമാണത്തിന്റെ പ്രവർത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിന് ക്രിസ്തുയേശുവിൽ വിശ്വസിച്ചു. ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ ( ഗലാത്യർ 2 : 16 ) ഒരു മനുഷ്യന് വചനത്തിലെ സിദ്ധാന്തപരമായ പല പഠിപ്പിക്കൽ അനുഗമിക്കുകയും ലളിതമായി വസ്ത്രം ധരിക്കുകയും ചെയ്യാം. ധാരാളമായി കൊടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ആരാധനയിൽ വിശ്വസ്തനും ആയിരിക്കാം. എന്നിരുന്നാലും അയാൾക്ക് ആത്മാവിലുള്ള സ്നേഹവും, താഴ്മയും, നീതീകരിക്കുന്ന യേശുവിലുള്ള ആശ്രയം ഇല്ലാത്തതിനാലും സ്വർഗ്ഗം നഷ്ടമാകുന്നു. ബാഹ്യമായ സദാചാരമാനദണ്ഡങ്ങൾ പ്രധാനമായിരിക്കുമ്പോൾ തന്നെ യഥാർത്ഥമായ വിശുദ്ധി ഹൃദയത്തിൽ നിന്ന് തുടങ്ങുന്നു.

**നിങ്ങൾ എവിടെ കേന്ദ്രീകരിച്ചിരിക്കുന്നു.?**

സ്വയനീതീകരണക്കാർ ദൈവത്തിൽ കേന്ദ്രീകരിക്കുന്നതിന് പകരം സ്വയത്തിൽ കേന്ദ്രീകരിക്കുന്നു. ദൈവം തന്റെ മഹത്വം മറ്റൊരുത്തനും വിട്ടുകൊടുക്കയില്ല. (യെശയ്യാവ് 42 : 8) മഹത്വമാർജിക്കുന്നത് ദൈവം നിർത്തുമ്പോൾ അത് നിന്നുപോകുന്നു. വിശുദ്ധന്മാരുടെ സംഘം എത്ര വലിയ ശബ്ദത്തിൽ സ്തുതിക്കുന്നതിനെയോ, എങ്ങനെ അവർക്ക് വസ്ത്രധാരണം ചെയ്യാമെന്നതിനെയോ, ആശ്രയിച്ചല്ല മഹത്വം നിർവ്വചിക്കപ്പെടുക. മഹത്വമെന്നത് താഴ്മയുടെയും സ്നേഹത്തിന്റെയും ശക്തിയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൈവീക അഭിഷേകം ജീവിതത്തിൽ ലഭിക്കുന്നതാണ്. "പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ. തന്നെത്താൻ പുകഴ്ത്തുന്നവനല്ല കർത്താവ് പുകഴ്ത്തുന്നവനത്രേ കൊള്ളാവുന്നവൻ (2 കൊരിന്ത്യർ 10 : 17). ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ നല്ല പ്രവർത്തികൾ ചെയ്യുമ്പോൾ അത് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് ആകണം (മത്തായി 5 : 16 ).

പരീശന്മാരുടെ പുളിച്ചമാവിനെ സൂക്ഷിക്കുക. സ്വയനീതീകരണം ഒരു വ്യക്തിയെയോ സമൂഹത്തെയോ ബാധിക്കാം. സ്വയനീതീകരണത്തിന്റെ പ്രവർത്തികളല്ല, പൂർണ്ണമായും യേശുക്രിസ്തുവിന്റെ രക്തത്താലുള്ള സവിശേഷതയാൽ താഴ്മയോടെ ജീവിക്കുവാൻ കർത്താവ് സഹായിക്കും.

MWS

## ചോദ്യവും ഉത്തരവും

**നല്ല പ്രവർത്തികൾക്ക് നമ്മെ രക്ഷിക്കുവാൻ കഴിയുകയില്ലെങ്കിൽ അതിന് എന്തു വിലയാണുള്ളത്?**

എഫേസ്യർ 2 : 8-9 സാധാരണ ഉദ്ധരിക്കാറുള്ള ഒരു പ്രാധാനപ്പെട്ട വാക്യമാണ്. "കൃപയാലല്ലോ നിങ്ങൾ വിശ്വാസമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു."

രക്ഷ എന്നത് മനുഷ്യ ഹൃദയത്തിൽ ദൈവത്തിന്റെ ദിവ്യമായ ഒരു പ്രവർത്തി ആയതിനാൽ അത് അർഹിക്കപ്പെട്ടതോ നേടിയെടുക്കാൻ കഴിയുന്നതോ അല്ല. 10-ാം വാക്യത്തിലെ അത്ഭുതകരമായ സത്യം അനേകർ ഉപേക്ഷ വിചാരിക്കുന്നു. "നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നാം അത് ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു."




സ്വഭാവത്തിലോ മനോഭാവത്തിലോ യാതൊരുമാറ്റവുമില്ലാതെ, രക്ഷിക്കുന്ന ദൈവത്തിന്റെ കൃപ അവരുടെ പ്രവർത്തികളിലാണ് എന്ന് വിശ്വസിച്ചിരിക്കുന്ന ക്രിസ്ത്യാനികൾ ഉണ്ട്. കൃപ എന്നത് ദോഷ പ്രവർത്തികളും, ദൈവത്തോടും ദൈവവചനത്തോടുമുള്ള അനുസരണക്കേടും ക്ഷമിച്ച് നമ്മെ മറയ്ക്കുന്ന ആവരണമാണ്. പ്രവർത്തികളാലല്ല നാം രക്ഷിക്കപ്പെട്ടത് എന്നാൽ സൽപ്രവർത്തികൾക്കായിട്ട് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. "നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിനായി അശുദ്ധിക്കും അധർമ്മത്തിനും അടിമകളായി സമർപ്പിച്ചതുപോലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിനായി നീതിയ്ക്ക് അടിമകളാക്കി സമർപ്പിക്കുവിൻ" (റോമർ 6: 19).

യേശു പറഞ്ഞു അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം എന്ന് (മത്തായി 7 : 16-17). ജനങ്ങളുടെ പ്രവർത്തികൾ ആന്തരികമായി അവർ ആരായിരിക്കുന്നു എന്ന് തെളിയിക്കുന്നു. ഉപവാസം, പ്രാർത്ഥന, ദാനം നൽകൽ, യാഗം, ലാളിത്യം,സഭയിലെ സേവനം, ഹാജർ മുതലായ പ്രവർത്തികൾ ഒന്നും ഹൃദയത്തെ ശുദ്ധമാക്കുന്നതല്ല, പിന്നെയോ ദൈവത്തിന്റെ കൃപയാൽ രക്ഷിക്കപ്പെട്ടാൽ, നല്ല പ്രവർത്തികൾ വിശുദ്ധഹൃദയത്തിന്റെ ഫലമായി വരും.

ദൈവത്തിന്റെ ജനം എങ്ങനെയുള്ള വിശുദ്ധജീവിതം നയിക്കണമെന്ന് ബൈബിൾ നിർദ്ദേശിക്കുന്നുണ്ട്. അവർക്ക് പാപലോകത്തിൽ നിന്നും വേർപെട്ട മനോഭാവവും സമർപ്പണവും മാത്രമല്ല, വസ്ത്രത്തിലും പ്രവർത്തിയിലും ജീവിതത്തിലും വ്യത്യസ്തതയുള്ളവർ ആയിരിക്കണം. യേശു പറഞ്ഞു " എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും ... എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല (യോഹന്നാൻ 14 : 23 - 24). അനുസരണം നല്ല പ്രവർത്തികളെ നൽകുന്നു. നല്ല പ്രവർത്തികൾ ഒരുവനെ രക്ഷിക്കുകയില്ല എന്നാൽ നല്ല പ്രവർത്തികളുടെ അഭാവത്താൽ രക്ഷ ലഭിക്കാതെ പോകാം.

പ്രവർത്തികളില്ലാത്ത വിശ്വാസം നിർജ്ജീവമാണ് എന്ന് യാക്കോബിന്റെ ലേഖനം വ്യക്തമായി പഠിപ്പിക്കുന്നു. സജീവമായ വിശ്വാസം അഥവാ ദൈവത്തിലുള്ള വിശ്വാസം പരിശുദ്ധവും ആദായകരവുമായ സൽപ്രവർത്തികൾ ഉണ്ടാകുവാൻ കാരണമാകുന്നു. നല്ല പ്രവർത്തികളുടെ അഭാവം സൂചിപ്പിക്കുന്നത് നിർജ്ജീവമായ സ്നേഹവും ശൂന്യവുമായ വിശ്വാസവുമാണ്. സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്ത് സൽപ്രവർത്തികളിൽ ശുഷ്കാന്തിയുള്ളവർ ആക്കുവാനാണ് യേശുക്രിസ്തു മാനവരാശിയെ വീണ്ടെടുക്കുവാൻ വന്നത് (തിത്തോസ് 2 : 11 -14). നല്ല ഫലങ്ങളും ധർമ്മനിഷ്ടയും നീതിനിറഞ്ഞതുമായ ജീവിതം അത്ഭുതകരമാണ്. എന്നാൽ ആ പ്രവർത്തികൾ മനുഷ്യനെ രക്ഷിക്കുകയില്ല, പക്ഷേ അവ ദൈവീക അനുഭവങ്ങളെ നിലനിർത്തികൊണ്ട് വളർന്നു വരുവാൻ സഹായിക്കുന്നു.

**രക്ഷയിലേക്കുള്ള ഏകമാർഗ്ഗം തങ്ങളുടെ സഭമാത്രമാണ് എന്ന് സ്ഥാപിക്കുന്നവരെക്കുറിച്ച് എന്താണ് പറയുവാനുള്ളത്?**

യേശു പറഞ്ഞു "ഞാൻ വാതിൽ ആകുന്നു! എന്നിലൂടെ കടക്കുന്നവർ രക്ഷപ്പെടും" (യോഹന്നാൻ 10 : 9) രക്ഷ നൽകുവാൻ കഴിയുന്ന വ്യക്തിയോ, സഭയോ, ശുശ്രൂഷകന്മാരുടെ സംഘമോ ഇല്ല. രക്ഷ നേടുവാനുള്ള രീതിയോ പ്രവർത്തിയോ നമുക്ക് ഇല്ല. തന്റെ പുത്രനായ ക്രിസ്തുവിൽ കൂടി മാത്രം ദൈവം നൽകുന്ന ദാനമാണ് രക്ഷ.

ഏതെങ്കിലും സഭ അവർ മാത്രമാണ് സ്വർഗ്ഗത്തിലേക്കുള്ള കവാടം എന്നു പറഞ്ഞാൽ അത് ആത്മീയ അഹങ്കാരത്തിന്റെയും സ്വയനീതീകരണത്തിന്റെയും പ്രതിരൂപമാണ്. പാപത്തിൽ നിന്നും വിളിച്ച് വേർതിരിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. മറ്റുള്ളവർക്ക് ക്രൂശിനെ ചൂണ്ടിക്കാണിക്കുകയും, ദൈവവചനത്താലുള്ള വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യുന്നതാണ് സഭയുടെ സന്ദേശം. രക്ഷയുടെ ഉപദേശം പ്രവർത്തിയിൽ കൂടിയോ, അല്ലങ്കിൽ അവരുടെ അടുക്കൽ വരുന്നവർ മാത്രമേ ദൈവത്തെ കണ്ടുമുണ്ടുകയുള്ളൂ എന്നൊക്കെ ഏതെങ്കിലും ശുശ്രൂഷകനോ സംഘടനയോ പഠിപ്പിച്ചാൽ അവർ ക്രിസ്തുവിന്റെ നിർമ്മലമായ സുവിശേഷം കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത് നാം പഠിച്ച ഉപദേശത്തിനും വിപരീതമാണ്. ഇങ്ങനെ തെറ്റ് പഠിപ്പിക്കുന്നവരിൽ നിന്ന് അകന്നിരിക്കണം (റോമർ 16 : 17).

MWS

Printed matter only
**MALAYALAM EDITION**

## നിങ്ങൾക്ക് അറിയാമോ?

*ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നു, ഞങ്ങളുടെ നീതി പ്രവർത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ - യെശയ്യാവ് 64 : 6*

ദൈവം യിസ്രായേൽ ജനത്തെ അവരുടെ പ്രാർത്ഥന, യാഗം, ദാനധർമ്മം, സ്തുതി എന്നിവയെക്കാൾ അധികം അശുദ്ധിയും മലിനപ്പെട്ടവരുമായി കണ്ടു. മലിനതയുമായി അവർ ഇഴുകിച്ചേർന്നതിനാൽ ദൈവത്തിന് അവരുടെ ആരാധന അറപ്പായി.

അവരുടെ നീതി പ്രവർത്തികൾ എല്ലാം കറപുരണ്ട തുണിപോലെ ആയിരുന്നു. ഭക്തിയുടെ ബാഹ്യമായ എല്ലാ പ്രവർത്തികളും ഏറ്റവും അശുദ്ധമായി കാണക്കാക്കപ്പെട്ടു. എബ്രായഭാഷയിൽ 'കറപുരണ്ട തുണി' എന്നത് അർത്ഥമാക്കുന്നത് "ആർത്തവമാലിന്യം പുരണ്ട തുണി" എന്നാണ്.


if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# ഞാൻ തരുന്നത് നീ പ്രസംഗിക്കുക

"നീ പുറപ്പെട്ട് മഹാനഗരമായ നിനെവേയിലേയ്ക്ക് ചെന്ന് ഞാൻ നിന്നോട് അരുളിചെയ്യുന്ന പ്രസംഗം അതിനോട് പ്രസംഗിക്കുക-യോന 3:2

ദൈവം പ്രവാചകനായ യോനായ്ക്ക് നിനെവേയിലേയ്ക്ക് ചെന്ന് "ഞാൻ നിന്നോട് അരുളിചെയ്യുന്ന പ്രസംഗം അതിനോട് പ്രസംഗിക്കുക"- എന്ന നിയോഗം നൽകി. മറ്റ് പ്രവാചകന്മാർക്ക് അതൃപ്തിവരാം, ജനത്തിന് ഇഷ്ടപ്പെടാതെവരാം, നിന്റെ സമർപ്പണത്തിന് അംഗീകാരം ലഭിച്ചില്ലെന്നുവരാം. നിന്നെ പട്ടണത്തിൽ നിന്നു ഓടിച്ചുകളഞ്ഞാലും വിശ്വസ്തനായിരിക്കുക. അഭിപ്രായങ്ങളോ നിങ്ങളുടെ ആശയങ്ങളോ പ്രസംഗിക്കാതെ ആത്മാവ് പറയുന്നത് സ്നേഹത്തോടും വിനയത്തോടും ആത്മാവിന്റെ ശക്തിയിലും പ്രസംഗിക്കുക.



ആടുകൾക്ക് വെറുതെ സുഖാനുഭൂതി വരുത്തുന്നത് ശുശ്രൂഷയുടെ കർത്തവ്യമല്ല. ശുശ്രൂഷയിൽ ആനന്ദിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും സമയം ഉള്ളപ്പോൾ തന്നെ സാധാരണ വളർച്ച വരുന്നത് അസൗകര്യങ്ങളും പ്രയത്നങ്ങളുമുള്ളപ്പോഴാണ്. ആത്മാവ് പറയുന്നത് പ്രസംഗിച്ചില്ലെങ്കിൽ എങ്ങനെ ശുശ്രൂഷയിൽ വളർച്ച ഉണ്ടാകും.

യഥാർത്ഥ ദൈവശുശ്രൂഷകന്മാരുടെ വായ് അടച്ചു കളയുവാൻ പിശാച് ശ്രമിക്കും. നിങ്ങൾ ഇത് പ്രസംഗിച്ചാൽ ആ വ്യക്തി എതിർക്കും. നിങ്ങൾ അത് പ്രസംഗിച്ചാൽ ചിലർക്ക് ഇഷ്ടമാകുകയില്ല. ചില വിഷയങ്ങൾ സംസാരിക്കുവാൻ അനുയോജ്യമായ സമയം ഉണ്ടായെന്നും വരുകയില്ല. അപ്പോൾ നാം എന്തു ചെയ്യും? ഏത് സ്വാധീനത്തിന് നാം വഴങ്ങും? നാം എന്തു പ്രസംഗിക്കും?

വചനം പ്രസംഗിക്കുക സത്യം പ്രസംഗിക്കുക. ദൈവം നിന്നോട് ആജ്ഞാപിക്കുന്നത് അവൻ ആവശ്യപ്പെടുമ്പോൾ പ്രസംഗിക്കുക. മനുഷ്യരെ ഭയപ്പെടരുത്. നിന്റെ സ്ഥാനം ഓർത്ത് ഭയപ്പെടരുത്. ചില സന്ദർഭങ്ങളിൽ തനിച്ചായിരിക്കും. പക്ഷേ ദൈവം തന്റെ ദൂത് വാഹികളോടും തന്റെ സത്യത്തോടും വിശ്വസ്തനായിരിക്കും.

MWS


Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**